(ബി) കായലോര ടൂറിസം വികസന പദ്ധതികളുടെ ഭാഗമായി പമ്പാ-കുട്ടനാട് പ്രദേശത്ത് അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി തയ്യാറായി കഴിഞ്ഞു ഇതിന്റെ ഭാഗമായി ആലപ്പുഴ, പള്ളാതുരുത്തി, കോതറത്തോട്, നെടുമുടി, വട്ടക്കായൽ, എന്നീ സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതു കൂടാതെ കായൽ ടൂറിസം വികസന പദ്ധതികളുടെ ഭാഗമായി ആലപ്പുഴയിലും തണ്ണീർമുക്കത്തും കുമരകത്തും ഓരോ ബോട്ട് ടെർമിനലുകൾ നിർമ്മിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. കായൽ തീരങ്ങളിൽ ഒരു സമഗ്ര സൈനേജ് പദ്ധതി ഈവർഷം നടപ്പിൽ വരുത്തുന്നതാണ്. വിശദമായ ബാക്ക് വാട്ടർ മാപ്പും ഈവർഷം പുറത്തിറക്കും. ആറൻമുള, കായംകുളം, ആലും കടവ്, എന്നിവിടങ്ങളിൽ കായലോര വിശ്രമ കേന്ദ്രങ്ങളുടെ നിർമ്മാണം ധൃത ഗതിയിൽ നടന്നുവരുന്നു. കായൽ ടൂറിസം വികസനപദ്ധതികൾ ഉത്തര കേരളത്തിലേക്കും വ്യാപിപ്പിക്കുന്നതിനും ഹൗസ് ബോട്ടുകൾ നിർമ്മിക്കുന്നതിനുമുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

(സി) കുട്ടനാട്-പമ്പ കായലോര ജല ഗതാഗത പാതയുടെ വികസനത്തിന്റെ ഭാഗമായി ആലപ്പുഴ, പള്ളാതുരുത്തി, കോതറത്തോട്, നെടുമുടി, വട്ടക്കായൽ എന്നിവിടങ്ങളിൽ വാട്ടർ സൈഡ് അമിനിറ്റി നിർമ്മിക്കുന്നതിന് കേന്ദ്ര സഹായത്തിനായി പ്രോജക്ട് റിപ്പോർട്ട് നൽകിയിട്ടുണ്ട്. കേന്ദ്രം ഈ പദ്ധതികൾക്ക് ധനസഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇതിനുവേണ്ട സ്ഥലം എടുക്കുന്നതിനാവശ്യമായ പണം ജില്ലാ കളക്ടറെ ഏൽപ്പിച്ചുകഴിഞ്ഞു. സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിവരുന്നു.

(ഡി)&(ഇ) സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം-കൊല്ലം വെസ്റ്റ്കോസ്റ്റ് കനാലിൽ ഹൗസ് ബോട്ട് സർവ്വീസ് ഏർപ്പെടുത്തുന്നതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ട് നാറ്റ്പാക് മുഖേന തയ്യാറാക്കിയിട്ടുണ്ട്.

(എഫ്) ഉപചോദ്യം (ബി) യ്ക്ക് നൽകിയിട്ടുള്ള മറുപടി ശ്രദ്ധിച്ചാലും.

15 (*310) സംവരണം സംബന്ധിച്ച നിയമനിർമ്മാണം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് :

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പിന്നോക്ക വിഭാഗത്തിലെ ഒരു വിഭാഗത്തിന് സംവരണാനുകൂല്യം ലഭിക്കാതെ വരുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എല്ലാ പിന്നോക്ക വിഭാഗത്തിനും സംവരണാനുകൂല്യം ലഭിക്കുന്നവിധം പുതിയ നിയമനിർമ്മാണം നടത്തുവാൻ പദ്ധതിയുണ്ടോ;

(ബി) സുപ്രീംകോടതിയുടെ ക്രീമിലെയർ കേസ്സിലെ വിധിക്കെതിരെ റിവ്യൂപെറ്റീഷൻ നൽകുന്നുണ്ടോ;

(സി) എങ്കിൽ ഇതിലേക്ക് സുപ്രീകോടതിയിലെ പ്രഗത്ഭ അഭിഭാഷകർക്ക് സംസ്ഥാന ഗവൺമെന്റ് വക്കാലത്ത് നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിധിന്യായം വിശദമായി പഠിച്ചതിനുശേഷമേ ഈ സംഗതിയിൽ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ വിഷയം പരിശോധിച്ചുവരുന്നു.

(സി) പരിശോധിക്കുന്നതാണ്.

16 (*311) കൈക്കൂലിക്കെതിരായ ബോർഡുകൾ

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. വി. ബാലറാം :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈക്കൂലി നൽകുന്നതു കുറ്റകരമാണെന്നുള്ള ബോർഡുകൾ സർക്കാർ ഓഫീസുകളിൽ സ്ഥാപിക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ;

(ബി) ഇത് എന്നു മുതലാണ് നടപ്പാക്കിത്തുടങ്ങിയത്;

(സി) ഏതെല്ലാം ഓഫീസുകളിലാണ് ഈ ബോർഡുകൾ സ്ഥാപിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്;

(ഡി) ഈ ബോർഡ് സ്ഥാപിച്ചതിനുശേഷം കൈക്കൂലി വാങ്ങിയത് സംബന്ധിച്ച് ഏതെങ്കിലും കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ ബോർഡ് സ്ഥാപിക്കുന്നതുകൊണ്ടു മാത്രം കൈക്കൂലി നിർമ്മാർജ്ജനം ചെയ്യാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ):

(എ) 1127 ഓഫീസുകളിൽ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. മറ്റ് ഓഫീസുകളിൽ ബോർഡുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

(ബി) 6.10.1999-ലെ സർക്കാർ ഉത്തരവ് ജി.ഒ(പി)89/99 വിജി. അനുസരിച്ചാണ് നടപ്പാക്കിത്തുടങ്ങിയത്.

(സി) എല്ലാ സർക്കാർ ഓഫീസുകളിലും, സർക്കാർ സ്ഥാപനങ്ങളിലും, പൊതുമേഖലാ സ്ഥാപനങ്ങളിലും ഈ ബോർഡുകൾ സ്ഥാപിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. ഈ ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശത്തിനുശേഷം (6.10.99) ഇതുവരെയായി കൈക്കൂലി ചോദിച്ചുവാങ്ങിയത് സംബന്ധിച്ച് 13 ട്രാപ്പ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ്സുകളുടെ ലിസ്റ്റ് അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(ഇ) അഴിമതിരഹിതവും കാര്യക്ഷമവുമായ സിവിൽ സർവ്വീസ് എന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ തീരുമാനത്തിന്റെ ഭാഗമായിട്ടാണ് ഇത്തരം നടപടികൾ സ്വീകരിച്ചുവരുന്നത്. അഴിമതിക്കെതിരായ നടപടികൾ ഫലപ്രദമാകണമെങ്കിൽ ജനങ്ങളെ ബോധവൽക്കരിക്കുക എന്നത് അതിപ്രധാനമായ ആവശ്യമാണ്. കൈക്കൂലി ആവശ്യപ്പെടുകയോ സ്വീകരിക്കുകയോ ചെയ്യുന്നുവെങ്കിൽ വിജിലൻസ് ഉദ്യോഗസ്ഥന്മാരെ അറിയി

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly